ത്തിന്റെ വാടക 3/99 മുതൽ 1/2000 വരെയും കുടിശ്ശികയായി ഉടമയ്ക്ക് നൽകുവാനുണ്ട്.

(ഡി) വാടകകുടിശ്ശിക നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. കെട്ടിടം ഉടമ 20.8.97 മുതൽ വാടക പുനർ നിർണ്ണയം ചെയ്യുകയോ അല്ലാത്ത പക്ഷം ഒഴിഞ്ഞുകൊടുക്കുകയോ ചെയ്യണമെന്ന് ആവശ്യപ്പെട്ടിരുന്നു. വാടക പുതുക്കി നിശ്ചയിക്കുന്നതിന് നടപടി ആരംഭിച്ചിട്ടുണ്ട്. നിലവിലുള്ള ചെക്ക്പോസ്റ്റ് നൂൽപുഴയിലേക്ക് മാറ്റിസ്ഥാപിക്കുന്ന നടപടികൾ നടന്നുകൊണ്ടിരിക്കുന്നതിനാൽ ചെക്ക്പോസ്റ്റ് മാറ്റി സ്ഥാപിക്കുന്ന മുറയ്ക്ക് കെട്ടിടം ഒഴിയുന്നതിനും തടസ്സമില്ല.

26 (1067) സെയിൽസ് ടാക്സ് വകുപ്പിലെ നേരിട്ടുള്ള നിയമനം

ശ്രീ. പി.കെ. അബ്ദുറബ്ബ് :
ശ്രീ. എം.കെ. മുനീർ :
ശ്രീ. സി. മൊയിൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സെയിൽസ് ടാക്സ് വകുപ്പിൽ ഏതൊക്കെ തസ്തികയിലാണ് നേരിട്ട് നിയമനം നടത്തുന്നത്;

(ബി) നേരിട്ടുള്ള നിയമനം സംബന്ധിച്ച് സുപ്രീം കോടതി നൽകിയ ഉത്തരവ് എന്താണെന്ന് വ്യക്തമാക്കുമോ;

(സി) ഇത് സംബന്ധിച്ചുള്ള സുപ്രീം കോടതി ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

ഉത്തരം

(എ) സെയിൽസ് ടാക്സ് വകുപ്പിൽ ഇപ്പോൾ വിൽപ്പന നികുതി ഓഫീസർ തസ്തികയിലേക്ക് മാത്രമാണ് നേരിട്ടു നിയമനം നടത്തുന്നത്.

(ബി) വിൽപ്പന നികുതി ഓഫീസർ തസ്തികയിൽ നേരിട്ടു നിയമനം നടത്തുന്നതിന് ആകെയുള്ള ഒഴിവുകളുടെ 20% അല്ല മറിച്ച് വിൽപ്പന നികുതി ഓഫീസർമാരുടെ കേഡർ സ്ട്രെങ്ത്തിന്റെ 20% ആണ് കണക്കിലെടുക്കേണ്ടതെന്ന് സുപ്രീംകോടതി വിധിച്ചു. ഇതു സംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സിംഗിൾ ബഞ്ചിന്റെ 9004/95 എന്ന കേസിലെ വിധി സുപ്രീം കോടതി ശരിവയ്ക്കുകയും ചെയ്തു. ആകെയുള്ള ഒഴിവുകളുടെ 20% കണക്കായി നേരിട്ടു നിയമനം നടത്താനുള്ള ബഹുമാനപ്പെട്ട ഹൈക്കോടതി ഡിവിഷൻ ബഞ്ചിന്റെ വിധി സുപ്രീംകോടതി അസ്ഥിരപ്പെടുത്തുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് 5/12/92-ലെ ഗവണ്മെന്റ് വിജ്ഞാപനം നം-57/92 പി ആന്റ് എ ആർഡി പ്രകാരം കേരളാ സ്റ്റേറ്റ് ആന്റ് സബോർഡിനേറ്റ് സർവ്വീസ് റൂൾസിൽ ഗവണ്മെന്റ് വരുത്തിയ ഭേദഗതിക്ക് സാധ്യതയുണ്ടെന്നും അത് വിൽപ്പന നികുതി സ്പെഷ്യൽ റൂൾസിന് വിരുദ്ധമല്ലെന്നും പ്രസ്തുത കേസിൽ സുപ്രീം കോടതി വിധിച്ചു.

(സി) സുപ്രീം കോടതി വിധിയുടെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.†

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly